# പതിനാലാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3127 07.11.2019 -ൽ മറുപടിക്ക്

## പുല്ലഞ്ചേരി സ്കൂളിലെ അറബിക് അദ്ധ്യാപികയുടെ ലീവ് റെഗുലറൈസേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( പൊതുവിദ്യാഭ്യാസ വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| എ | മഞ്ചേരി മണ്ഡലത്തിലെ പുല്ലഞ്ചേരി എ.എം.എൽ.പി. സ്കൂളിലെ അറബിക് അദ്ധ്യാപികയുടെ ലീവ് റെഗുലറൈസേഷനുമായി ബന്ധപ്പെട്ട DPI/G2/1368/19, 32/250/19/G.Edn എന്നീ ഫയലുകളിന്മേൽ നാളിതുവരെയും നടപടി സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | എ | പുല്ലഞ്ചേരി എ.എം..എൽ.പി. എസ് ലെ അറബിക് അധ്യാപികയായ ശ്രീമതി.ഖൗലത്തുന്നീസയുടെ ശൂന്യ വേതനാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാൻ കാലതാമസം നേരിട്ടതിനാൽ പ്രസ്തുത ലീവനുവദിക്കാൻ അപേക്ഷയും അനുബന്ധ രേഖകളും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ജി2/1368/2019 തീയതി 24.08.2019 നമ്പർ കത്തു പ്രകാരം ലഭിച്ചിട്ടുണ്ട്. അവധി മുൻകാല പ്രാബല്യത്തോടെ അനുവദിക്കുന്നതിന് ധനകാര്യവകുപ്പിന്റെ അംഗീകാരം ആവശ്യമായതിനാൽ ടി അപേക്ഷ എസ്2/250/19/പൊ.വി.വ ഫയലിൽ ധനകാര്യ വകുപ്പിന്റെ അനുമതിക്കായി അയച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി കൈക്കൊള്ളുന്നതാണ്. |
| ബി | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ധനകാര്യ റൂൾസ് വകുപ്പിന്റെ B4/276/2019/Fin എന്ന ഫയലിൽ മേൽനടപടി റിപ്പോർട്ട് വിദ്യാഭ്യാസ | ബി | ഇല്ല |

| | | | |
|---|---|---|---|
| | വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | |
| **സി** | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത അദ്ധ്യാപികയുടെ ലീവ് റെഗുലറൈസ് ചെയ്യാൻ എന്നത്തേക്ക് സാധിക്കുമെന്നറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | **സി** | ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് അവധി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**